(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) എന്തെങ്കിലും വാഗ്ദാനങ്ങൾ ബിൽഗേറ്റ്സ് നൽകിയിരുന്നോ ; എങ്കിൽ അവ എന്തൊക്കെയാണ് ;

(ഇ) അവ നടപ്പിലാക്കിക്കഴിഞ്ഞോ ; ഇല്ലെങ്കിൽ അവ ഏത് ഘട്ടത്തിലാണ് ;

(എഫ്) ഇവ മോണിറ്റർ ചെയ്യാനും വിലയിരുത്താനും എന്തൊക്കെ സംവിധാനങ്ങൾ സംസ്ഥാന സർക്കാർ ചെയ്തിട്ടുണ്ട് ; വിശദീകരിക്കാമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. ജെ ജോസഫ് സന്ദർശിച്ചിരുന്നു.

(ബി & സി) നടത്തിയിരുന്നു. കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പഠനത്തിന് ഒരു പദ്ധതി ബിൽഗേറ്റ്സിനു നൽകിയിരുന്നു.

(ഡി-എഫ്) മൈക്രോസോഫ്റ്റ് കമ്പനി ചർച്ചകൾക്കായി വിദ്യാഭ്യാസ മന്ത്രിയെ അമേരിക്കയിലെ സിയാറ്റിലേക്ക് ക്ഷണിച്ചിരുന്നു. ഡിസംബറിൽ സിയാറ്റിൽ വെച്ച് സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിനുള്ള വിശദാംശങ്ങൾ ചർച്ച ചെയ്തിരുന്നു. അനന്തര ചർച്ചകൾക്കായി മൈക്രോസോഫ്റ്റിന്റെ പ്രതിനിധികൾ രണ്ടാഴ്ചകൾക്കുള്ളിൽ തിരുവനന്തപുരത്ത് എത്തുമെന്ന് അറിയിച്ചിട്ടുണ്ട്.

തൊഴിലില്ലായ്മ പരിഹരിക്കുവാൻ പരിപാടി

3 (936) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ യുവതീയുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ നടപ്പാക്കിയിട്ടുണ്ട് ;

(ബി) അതിനുവേണ്ടി ഈ കാലഘട്ടത്തിൽ ഓരോ വർഷത്തിലും എന്തു തുക വീതം നീക്കിവച്ചിരുന്നു ;

(സി) ആന്ധ്രാപ്രദേശിൽ നടപ്പാക്കിയിട്ടുള്ളതുപോലെ യുവതികൾക്കു സെൽഫ് എപ്ലോയ്മെന്റ് ഗ്രൂപ്പുകളും യുവാക്കൾക്കു വേണ്ടി യുവശക്തി ഗ്രൂപ്പും രൂപീകരിച്ച് ഇവർക്ക് തൊഴിലുണ്ടാക്കുവാൻ വേണ്ടി റിവോൾവിംഗ് ഫണ്ടും മാർജിൻ മണിയും നൽകുന്നതിനും ആവശ്യമായ ബാങ്ക് ലോൺ ലഭ്യമാക്കുവാനും ഈ ഗവൺമെന്റിന് എന്തെങ്കിലും പരിപാടിയുണ്ടോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം രൂപം നൽകിയ ഒൻപതാം പഞ്ചവത്സര പദ്ധതി(1997-2002)യിൽ നിലവിലുള്ള തൊഴിലവസരങ്ങൾ നിലനിർത്തുന്നതിനോടൊപ്പം പുതിയതായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം,

LIBRARY ARCHIVES Kerala Legislative Assembly

സഹകരണം, ഗ്രാമീണ വികസനം, വ്യവസായം, വിനോദ സഞ്ചാരം, വിവര സാങ്കേതിക വിദ്യ എന്നീ മേഖലകൾക്ക് പരമാവധി ഊന്നൽ നല്കിയിട്ടുണ്ട്. അതുപോലെ ജനകീയാസൂത്രണത്തിൻ കീഴിൽ പദ്ധതി ആവിഷ്ക്കരിക്കുമ്പോഴും തൊഴിലവസരങ്ങൾക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഉല്പാദനമേഖലയിൽ കഴിയുന്നത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഗണ്യമായ തോതിൽ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വിവര സാങ്കേതിക വിദ്യയുടെ വികസന പരിപാടിയിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ നിലവിലുണ്ടായിരുന്ന സ്വയംതൊഴിൽ പദ്ധതി പരിഷ്ക്കരിച്ച് 'കെസ്റു' എന്ന പേരിൽ ഒരു പുതിയ തൊഴിൽ പദ്ധതിയും നടപ്പിലാക്കുകയുണ്ടായി. കൂടാതെ കെ.പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഒഴിവുകൾ യഥാസമയം നികത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ മേഖലകളുടെ വികസനത്തിനുവേണ്ടി വാർഷിക പദ്ധതികളിൽ നീക്കി വച്ചിരുന്ന പദ്ധതി വിഹിതത്തെ സംബന്ധിക്കുന്ന കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

	വികസന മേഖല	നീക്കിവച്ച പദ്ധതി വിഹിതം (ലക്ഷംരൂപ)			
		1997-98	1998-99	1999-2000	2000-2001
1.	കൃഷിയും അനുബന്ധ മേഖലകളും	19327	22255	24325	25950
2.	ഗ്രാമവികസനം	9156	7480	7725	8106
3.	വ്യവസായം (വിവര സാങ്കേതിക വിദ്യ ഉൾപ്പെടെ)	21133	22500	22620	25220
4.	വിനോദ സഞ്ചാരം	3500	3600	3600	4600
5.	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പ്രാദേശിക പദ്ധതികൾക്കുള്ള സർക്കാർ ധനസഹായം	74900	95000	102000	104500
6.	സ്വയംതൊഴിൽ പദ്ധതി 'കെസ്റു'	100	115	..	100*

* 1999-2000 വർഷത്തിലാണ് 'കെസ്റു' പദ്ധതി നടപ്പാക്കിയതെങ്കിലും അതിന്റെ പ്രാരംഭ നടപടികളെല്ലാം പൂർത്തിയാക്കി വായ്പ അനുവദിക്കാൻ തുടങ്ങിയത് 2000-01 വർഷത്തിലാണ്. ആ വർഷം കെസ്റു പദ്ധതിക്ക് ഒരു കോടി രൂപ വകയിരുത്തുകയുണ്ടായി.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly